tnkalvi.online

No. of Printed Pages : **6**

6003

Register Number

Language — Part I — MALAYALAM

Time : 3.00 Hours] [Maximum Marks : 90

നിർദ്ദേശങ്ങൾ : (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനായി ചോദ്യ പേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടൻതന്നെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുവാനും അടിവരയിടുവാനും **കറുപ്പോ നീലയോ** നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക.

ഭാഗം - I

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. തന്നിട്ടുള്ളതിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **14x1=14**

Choose the **correct** answer and answer **all** the questions.

1. രാമലക്ഷ്മണൻമാരെ മിഥിലയിലേക്ക് കൂട്ടിക്കൊണ്ടുവന്നതാര് ?

(a) ദുർവ്വാസാവ് (b) വസിഷ്ഠൻ (c) നാരദൻ (d) വിശ്വാമിത്രൻ

2. കാടകം വെടിയുന്നത് ഏത് പക്ഷിയാണ് ?

(a) പൂങ്കുയിൽ (b) ദേശസഞ്ചാരിക്കിളി

(c) പഞ്ചവർണ്ണതത്ത (d) ചക്രവാകപ്പക്ഷി

3. ഭീമസേനൻ ഏതു പർവ്വതത്തിനടുത്തുള്ള ഭൂമിയിലേക്കാണ് നോക്കിയത് ?

(a) ഗന്ധമാദനം (b) ഹിമാലയം (c) സഹ്യപർവ്വതം (d) വിന്ധ്യൻ

4. നാന്മറ എന്ന പദത്തിന്റെ അർത്ഥം :

(a) തിരശ്ശീല (b) നാലുമറ (c) നാലുവേദം (d) ദൈവവിധി

5. നാടൻ കലകൾക്ക് ഏത് സംസ്കാരത്തോടാണ് കൂടുതൽ സാമ്യം ?

(a) ദേശീയത (b) പ്രാദേശിക സംസ്കാരം

(c) സാംസ്കാരിക ചരിത്രം (d) ലോക സംസ്കാരം

[Turn over

TN Kalvi Online · tnkalvi.online/question-papers/class-11-malayalam-public-may-2022 · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

6. നമ്മുടെ ലോകം സൃഷ്ടിക്കുന്നതിനുള്ള അസംസ്കൃത പദാർത്ഥമാണ് :

(a) സാഹചര്യങ്ങൾ (b) ചിന്തകൾ (c) ആശയങ്ങൾ (d) സ്വപ്നങ്ങൾ

7. 'മന്നവേന്ദ്ര വിളങ്ങുന്നു
ചന്ദ്രനെ പോലെ നിൻമുഖം' – ഈ വരികളിലെ അലങ്കാരമെന്ത് ?

(a) ഉല്ലേഖം (b) ഉപമ (c) ഉദാത്തം (d) ഉൽപ്രേക്ഷ

8. തതംജഗംഗം എന്ന ഗണവ്യവസ്ഥ വരുന്ന വൃത്തമേത് ?

(a) രഥോദ്ധത (b) ഇന്ദ്രവജ്ര (c) വസന്തതിലകം (d) ഉപേന്ദ്രവജ്ര

9. അവർണ്യത്തോടുവർണ്യത്തിനഭേദം ചൊല്ലുന്ന അലങ്കാരമാണ് :

(a) കാവ്യലിംഗം (b) ദീപകം (c) വിഷമം (d) രൂപകം

10. താഴെ കൊടുത്തിരിക്കുന്നവയിൽ അലങ്കാരമേത് ?

(a) കേക (b) ഉൽപ്രേക്ഷ (c) ഇന്ദ്രവജ്ര (d) കളകാഞ്ചി

11. മൂന്നക്ഷരത്തിൽ അഞ്ചുമാത്ര വരുന്ന വൃത്തമാണ് :

(a) മന്ദാക്രാന്ത (b) കേക (c) വസന്തതിലകം (d) കാകളി

12. വർണ്യത്തിൽ ആശങ്ക ജനിക്കുന്ന അലങ്കാരമാണ് :

(a) യമകം (b) കാവ്യലിംഗം (c) വിരോധാഭാസം (d) ഉൽപ്രേക്ഷ

13. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പദമേത് ?

(a) വിത്യാർത്തി (b) വിധ്യാർത്ഥി (c) വിത്ഥ്യാർത്ഥി (d) വിദ്യാർത്ഥി

14. എം. മുകുന്ദന്റെ കഥയാണ് :

(a) പുഴ (b) വിഷുക്കണി (c) അജ്ഞൻ (d) തലമുറകൾ

TN Kalvi Online · tnkalvi.online/question-papers/class-11-malayalam-public-may-2022 · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

ഭാഗം - II

SECTION - 1

ഏതെങ്കിലും മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക. **3x2=6**

Answer **any three** questions.

15. ജീവിതമെന്തെന്നറിയുമ്പോൾ

ജീവൻ പോയ്മറയുകയല്ലോ

(a) ഏത് കവിതയിലെ വരികളാണിത് ?
(b) ഇതെഴുതിയ കവി ആരാണ് ?

16. മന്ദഹാസവും പൂണ്ടു രാഘവനതുകേട്ടു

മന്ദം മന്ദം പോയ് ചെന്നു നിന്നു കണ്ടിതു ചാപം

(a) ഈ വരികൾ എഴുതിയ കവി ആരാണ് ?
(b) ഏത് പദ്യത്തിലെ വരികളാണിത് ?

17. കുഞ്ചൻ നമ്പ്യാരെ പരിചയപ്പെടുത്തുക.

18. വിജയലക്ഷ്മിയെക്കുറിച്ചെഴുതുക.

SECTION - 2

ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക. **2x2=4**

Answer **any two** questions.

19. എന്താണ് ജെയിംസ് പ്രിൻസെപ്പ് എന്ന ബ്രിട്ടീഷുകാരന്റെ സംഭാവന ?

20. സംസ്കാരം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

21. ഡൽഹിയിലെ സെക്രട്ടേറിയറ്റിന്റെ ചുവരുകളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള ഒരു ഉദ്ധരണി എഴുതുക.

[Turn over

TN Kalvi Online · tnkalvi.online/question-papers/class-11-malayalam-public-may-2022 · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

SECTION - 3

ഏതെങ്കിലും ഏഴു ചോദ്യത്തിന് ഉത്തരമെഴുതുക. **7x2=14**

Answer **any seven** questions.

22. ഒറ്റപ്പദമാക്കുക
(a) കുടുംബത്തോടു കൂടി
(b) മദിച്ച ആന

23. ചേർത്തെഴുതുക
(a) വിദ്യ + അഭ്യാസം
(b) സൂര്യൻ + അസ്തമിക്കാത്ത

24. പിരിച്ചെഴുതുക.
(a) മഷിപ്പാത്രം
(b) ചുറ്റിത്തിരിയുക

25. രണ്ട് പഴഞ്ചൊല്ലുകൾ എഴുതുക

26. രണ്ടു കടംകഥകൾ ഉത്തരസഹിതം എഴുതുക.

27. വാക്യത്തിൽ പ്രയോഗിക്കുക
(a) വിജയം
(b) അഭിമാനം

28. ദീപകാലങ്കാരത്തിന്റെ ലക്ഷണമെഴുതുക.

29. കാകളിവൃത്തത്തിന് ഉദാഹരണമെഴുതുക.

30. ഒ.എൻ.വി. കുറുപ്പിന്റെ രണ്ടു കൃതികളുടെ പേരെഴുതുക.

ഭാഗം - III
SECTION - 1

ഏതെങ്കിലും രണ്ടു ചോദ്യത്തിനുത്തരമെഴുതുക. **2x4=8**

Answer **any two** questions.

31. പാരിനെ തറവാടായി കണ്ടവരാര് ? എങ്ങനെ ?

32. കാറ്റിന്റെ മക്കളുടെ വീരഗുണങ്ങളെക്കുറിച്ചെഴുതുക.

33. കദളീവനത്തിലെ വാഴകളുടെ നിൽപ് കവി വർണിക്കുന്നതെങ്ങനെ ?

34. ഒറ്റക്കൊമ്പന്റെ ദൈന്യത കവി വരച്ചു കാണിക്കുന്നതെങ്ങനെ ?

TN Kalvi Online · tnkalvi.online/question-papers/class-11-malayalam-public-may-2022 · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

SECTION - 2

ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. **2x4=8**

Answer **any two** questions.

35. സ്ഥലം സ്ഥിരമാണെന്ന നമ്മുടെ സങ്കൽപം വെറും മിഥ്യയാണ്. – സമർത്ഥിക്കുക.

36. നാടൻ കലകളിലെ വേഷാലങ്കാര രീതിയെക്കുറിച്ചെഴുതുക.

37. കൗൺസിൽ ഹൗസിനെക്കുറിച്ച് കുറിപ്പെഴുതുക.

38. പരിഷ്കാരവും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചെഴുതുക.

SECTION - 3

ഏതെങ്കിലും മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക. **3x4=12**

Answer **any three** questions.

39. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

മനുഷ്യനും പ്രകൃതിയുമായുള്ള സന്തുലനം പല തലങ്ങളിലും സാധ്യമാണ്. പ്രാചീനശിലായുഗത്തിൽ, കൃഷിക്കുമുമ്പ്, അങ്ങനെയൊരു സന്തുലനം ഉണ്ടായിരുന്നു. വ്യവസായ വിപ്ലവത്തിനു മുമ്പും പല സമൂഹങ്ങളും അത്തരം സന്തുലനത്തിലാണ് ജീവിച്ചിരുന്നത്. പക്ഷെ ഉയർന്ന ശിശുമരണനിരക്ക്, കുറഞ്ഞ പ്രതീക്ഷിത ആയുസ്സ്, പ്രത്യക്ഷവും പരോക്ഷവുമായ അടിമത്തം ബഹുഭൂരിപക്ഷം ജനങ്ങളുടെയും നിരക്ഷരതയും മൃഗസമാനമായ ജീവിതവും, മഹാമാരികൾ തുടങ്ങിയവ അന്നത്തെ ജീവിത വ്യവസ്ഥയുടെ അനിവാര്യ ഭാഗങ്ങളായിരുന്നു. ശാസ്ത്ര സാങ്കേതിക പുരോഗതിയും ഉല്പാദനശക്തികളുടെ വികാസവുമാണ് അവയിൽ നിന്നുള്ള മോചനം സാധ്യമാക്കിയത്. അതിനാൽ മനുഷ്യ വംശത്തിന്റെ നിയോഗം പ്രകൃതിയോടുള്ള സന്തുലനം പാലിച്ചുകൊണ്ട് ആകാവുന്നത്ര ഉയർന്ന ജീവിത ഗുണത കൈവരിക്കുക എന്നതാണ് എന്നു പറയാം.

(1) പല തലങ്ങളിലും സാധ്യമാകുന്ന കാര്യം എന്താണ് ?

(2) പല സമൂഹങ്ങളും അങ്ങനെയൊരു സന്തുലനത്തിൽ ജീവിച്ചത് എപ്പോഴായിരുന്നു ?

(3) അന്നത്തെ ജീവിത വ്യവസ്ഥയുടെ അനിവാര്യ ഭാഗങ്ങളെന്തൊക്കെയായിരുന്നു ?

(4) മനുഷ്യവംശത്തിന്റെ നിയോഗം എന്താണ് ?

40. പല തുള്ളി പെരുവെള്ളം എന്ന പഴഞ്ചൊല്ലിന്റെ ആശയം വിശദീകരിക്കുക.

41. ധീരതയ്ക്കുള്ള അവാർഡ് നേടിയ സുഹൃത്തിനെ അനുമോദിച്ചുകൊണ്ട് കത്തെഴുതുക.

42. ഒരു യാത്രയെക്കുറിച്ചുള്ള അനുഭവക്കുറിപ്പ് തയ്യാറാക്കുക.

43. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു സിനിമയെക്കുറിച്ച് ആസ്വാദനമെഴുതുക.

[Turn over

TN Kalvi Online · tnkalvi.online/question-papers/class-11-malayalam-public-may-2022 · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

ഭാഗം - IV

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **3x6=18**

Answer **all** the questions.

44. (a) കാറ്റ് എന്ന കവിതയ്ക്ക് ആസ്വാദനമെഴുതുക.

അല്ലെങ്കിൽ

(b) പുതിയ കാഴ്ചപ്പാട് എന്ന കവിതയിലെ പ്രമേയം സംഗ്രഹിക്കുക.

45. (a) എഴുത്തിനിരുത്തിന്റെ ദാർശനിക, മനഃശാസ്ത്ര, പ്രായോഗികമാനത്തെക്കുറിച്ചുള്ള ഗുരു നിത്യചൈതന്യ യതിയുടെ വിശദീകരണം എഴുതുക.

അല്ലെങ്കിൽ

(b) കാളി - ദാരിക മിത്തിനെക്കുറിച്ചെഴുതുക.

46. (a) പുഴ എന്ന കഥയിലെ പ്രമേയമെഴുതുക.

അല്ലെങ്കിൽ

(b) അജ്ഞൻ എന്ന കഥയ്ക്ക് ആസ്വാദനമെഴുതുക.

ഭാഗം - V

47. താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം പൂരിപ്പിക്കുക. **1x6=6**

ഇടിവെട്ടീടും വണ്ണം ..... ച്ചമയിച്ചാർ

- o O o -

tnkalvi.online